D1AML2302 (2 Pages) Name.............................
Reg.No...........................

**FIRST SEMESTER M.A. DEGREE EXAMINATION, NOVEMBER 2023**
**(Regular/Improvement/Supplementary)**

**MALAYALAM**
**FMAL1C02 - ആധുനിക കവിത**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. ക്ലാസിക് കൃതികൾക്ക് കാൽവിനോവ് നൽകുന്ന നിർവ്വചനങ്ങൾ എന്തെല്ലാം?
2. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യമാണ് 'കുടപ്പന'എന്ന കവിത. സമർത്ഥിക്കുക.
3. 'ഇന്നുഭാഷയിതപൂർണ്ണമിങ്ങഹോ വന്നുപോം പിഴയുമർത്ഥശങ്കയാൽ.' സന്ദർഭം വിശദമാക്കുക.
4. 'ഗാനംപോൽ ഗുണകാവ്യംപോൽ മമ മാനസമോർത്തു സഖി നിന്നെ.' കവിതാകാമിനിയെക്കുറിച്ച് കവിയുടെ സൗന്ദര്യസങ്കൽപ്പങ്ങൾ എന്തെല്ലാം?
5. 'അന്ധർ നിൻ തുമ്പിയോ കൊമ്പോ പള്ളയോ തൊട്ടിടഞ്ഞിടാം.'സൂചിതമെന്ത്?
6. 'രാവണപുത്രി' എന്ന കവിതയിൽ രാവണന്റെ അന്തക്ഷോഭങ്ങൾ കവി ചിത്രീകരിച്ചതെങ്ങനെ?
7. 'ഹൃദയത്തിലുലാവുന്നൂ നിത്യനിർമ്മല പൗർണ്ണമി.' സന്ദർഭം വിശദമാക്കുക.

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. അഭിജ്ഞാന ശാകുന്തളത്തെ അധികരിച്ചെഴുതിയ അച്ഛനും മകളും സ്വതന്ത്രമായ പുനരാഖ്യാനമായി നിലകൊള്ളുന്നു. സമർത്ഥിക്കുക.

9. ഉത്തരാധുനിക കവിതയിലെ സ്വത്വബോധം ലിപികൾ, ആലപ്പുഴവെള്ളം, ദൈവപ്പാതി എന്നീ കവിതകളെ മുൻനിർത്തി വിശദമാക്കുക?

10. കവിയ്ക്കുണ്ടാകേണ്ട കഴിവുകളെ വേർഡ്സ്വർത്ത് തരം തിരിക്കുന്നതെങ്ങനെ?

11. സാംസ്കാരിക വിമർശനം എന്ന നിലയിൽ 'കൊച്ചുതൊമ്മൻ' കവിതയെ പരിചയപ്പെടുത്തുക.

12. പുനരാഖ്യാനത്തിന്റെ സാധ്യതകൾ 'ഗജേന്ദ്രമോക്ഷം' എന്ന കവിതയിൽ കവി ഉപയോഗപ്പെടുത്തിയിരിക്കുന്നതെങ്ങനെ?

**(തുടർച്ച ...2)**

13. 'തച്ചന്റെ മകൾ'എന്ന കവിതയിൽ സ്ത്രീപക്ഷചിന്തകളുടെ മനഃശ്ശാത്രപരമായ സമീപനമാണ് കവി അവലംബിച്ചത്. നിരീക്ഷിക്കുക.

14. നവസാങ്കേതികവിദ്യയുടെ പ്രഭാവം ഉത്തരാധുനിക കവിതയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.

**(4 x 3= 12 വെയ്റ്റേജ്)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. ഖണ്ഡകാവ്യപ്രസ്ഥാനം മലയാള കവിതാചരിത്രത്തിനു നൽകിയ സംഭാവനകളെന്തെല്ലാം?

16. ബഹുസ്വരസംസ്കാരങ്ങളുടെ ആഖ്യാനം ഉത്തരാധുനിക മലയാള കവിതയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ?

17. ആധുനികകവിതകൾ ആധുനിക ജീവിതത്തോടുള്ള സംവാദമാകുന്നതെങ്ങനെയെന്ന് പാഠഭാഗങ്ങളെ മുൻനിർത്തി വിലയിരുത്തുക.

18. മലയാളത്തിൽ കാല്പനികതയുടെ ആരംഭവും വികാസ ചരിത്രവും പരിശോധിക്കുക.

(2 x 5= 10 വെയ്റ്റേജ്)